കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.13/2002/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി:02-11-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

mac.11/17

നം.കെ.എസ്.എ.എം.പി.എം 13/2002/2017 തിയ്യതി:02-11-2017

# മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-11-2016 മുതൽ 08-08-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5എണ്ണത്തിനു മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 09-08-2017 മുതൽ 21-08-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.സുരേഷ്.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുൾഗഫൂർ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.യൂസഫ്.പി | സീനിയർ ഗ്രഡ് ഓഡിറ്റർ(14.08.16 വരെ) |
| ശ്രീ. ആലസ്സൻകുട്ടി.യു | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.വസീമ വെട്ടേരി | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.സുധാകരൻ | 01.04.2016 മുതൽ 23.04.2016 വരെ (24.04.2016മുതൽ27.04.2016വരെഒഴിവ്.) |
| ശ്രീ.ഹരി.ജി.എസ്(എ.എസ്,സെക്രട്ടറിഇൻചാർജ്) | 28.04.2016 മുതൽ 02.01.2017വരെ |

| | |
|---|---|
| ശ്രീ.ഷാനിർ | 03.01.2017മുതൽ 11.01.2017FNവരെ |
| ശ്രീ.ദേവലാൽ.ബി(എ.എസ്,സെക്രട്ടറി ഇൻ ചാർജ്) | 11.01.2017ANമുതൽ 23.01.2017വരെ |
| ശ്രീ.അന്ത്രു.എം.എം | 24.01.2017മുതൽ 31.03.2017വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.എം.കെ.ഗോപാലൻ | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീമതി.ആശ.വൈ.വി | 01.06.2016 മുതൽ 07.03.2017 വരെ |
| | ശ്രീ.മധുസൂദനൻനായർ | 08.03.2017 മുതൽ 31.3.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സോമൻ.പി.വി | 01.04.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സഫിയ.പി | 01.04.2016 മുതൽ 31.07.2016 വരെ |
| | ശ്രീമതി.കമലാക്ഷി | 01.08.2016 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.പുരുഷോത്തമൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.വിജിത്ത് വിജയശങ്കർ | 01.04.2016 മുതൽ 31.01.2017വരെ |
| | ഡോ.നിഷ.കെ | 01.02.2017മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രതകുമാരി | 01.04.2016 മുതൽ 21.01.2017 വരെ |
| | ഡോ.പ്രസന്നകുമാരി | 22.01.2017 മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.അംഗ്ഗിരസ്സ്.എസ് | 01.04.2016 മുതൽ 22.06.2016 വരെ |
| | ഡോ.ജലജ | 23.06.2016 മുതൽ 31.03.2017വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ശോഭനകുമാരി | 01.04.2016 മുതൽ 31.03.2017വരെ |
| അസി.സെക്രട്ടറി | ശ്രീ.ഹരി.ജി.എസ് | 01.04.2016 മുതൽ 04.01.2017വരെ |
| | ശ്രീ.ദേവലാൽ | 05.01.2017മുതൽ 31.03.2017വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല. | 2-1 | |
| 13 | ബസ്സ്റ്റാന്റ് ബങ്ക് പിരിവ് അപാകതകൾ | 2-2 | |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് വാടക പിരിവ് അപാകതകൾ | 2-3 | |
| 15 | തൊഴിൽ നികുതി പിരിവ് അപാകതകൾ | 2-4 | |
| 16 | D&O ലൈസൻസ് ഫീസ് പിരിവ് അപാകതകൾ | 2-5 | |
| 17 | ബിൽഡിംഗ് പെർമിറ്റ് ഫീസ് പിരിവ് അപാകതകൾ | 2-6 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 18 | കോൺക്രീറ്റ് പ്രവർത്തി അധിക നിരക്ക് നൽകിയത് | 3-1 | |
| 19 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 3-2 | |

| | | | |
|---|---|---|---|
| 20 | ചെലവ് വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയില്ല | 3-3 | |
| 21 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല | 3-4 | |
| 22 | കേരളോത്സവം 2016 – പരിധിയിലധികം ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. | 3-5 | |
| 23 | ആനുപാതിക പെൻഷൻ അംശദാനം അടവാക്കിയില്ല | 3-6 | |
| 24 | വിനിയോഗവിവരം ലഭിച്ചിട്ടില്ല | 3-7 | |
| 25 | തൊഴിൽരഹിതവേതനം അധികം നല്കി | 3-8 | |
| 26 | മഴക്കാലപൂർവ്വശുചീകരണപ്രവർത്തനങ്ങൾ - നടപടിക്രമങ്ങൾ സുതാര്യമല്ല | 3-9 | |
| 27 | മരുന്ന് ലഭ്യമാക്കിയില്ല. | 3-10 | |
| 28 | സപ്ലൈകോ വിലയിൽ അധികം നൽകി അംഗണവാടികളിൽ ഭക്ഷ്യ വസ്തുക്കൾ വാങ്ങി | 3-11 | |
| 29 | ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകിയ സ്കോളർഷിപ്പ് തുകയിൽ കുറവ് | 3-12 | |
| 30 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | 3-13 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 34 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |

| | | | |
|---|---|---|---|
| 41 | Audit Certificate | 2 | |
| 42 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 43 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 44 | ബാലൻസ് ഷീറ്റ് | 5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 22-03-2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31/07/2017 | 30/06/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 17-08-2017 | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

2016-17 വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1). കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് റൂൾസ് ചട്ടം 57& 58 മുഴുവനായും പാലിട്ടിട്ടില്ല.(ബാങ്ക് ബുക്കുകൾ എല്ലാമാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല,ബാങ്ക് ബുക്ക്-ട്രഷറി പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടില്ല.)

2).ധനകാര്യവർഷത്തെ സ്റ്റോക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.AFS പ്രകാരം b-14 ഷെഡ്യൂളിൽ 14,803 സ്റ്റോക്ക് നീക്കിയിരിപ്പുണ്ട്.

3).സ്ഥാവര ജംഗമ ആസ്തികൾ പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4).താഴെപ്പറയുന്ന ഇനങ്ങളുടെ വരവിനങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തമില്ല

| ഇനം | AFS പ്രകാരം | | | രജിസ്റ്റർ പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| D&O(തൻവർഷം) | 147680 | 147680 | - | 157050 | 157050 | - |
| തൊഴിൽ നികുതി (employees) | 2313735 | 2294635 | ---- | 157050 | 157050 | - |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക(തൻവർഷം) | 522302 | 508312 | 13990 | 485210 | 471220 | 13990 |
| ലീസ്(തൻവർഷം) | 1903930 | 1666985 | 236945 | 1903930 | 1712962 | 190968 |

5). ബാലൻസ് ഷീറ്റ് B-4ഷെഡ്യൂൾ പ്രകാരം വിനിയോഗിച്ച ഗുണഭോക്തൃ വിഹിതം 213863 രൂപയുണ്ട്. ആയതിന് ജേർണൽ നൽകി റവന്യൂ എക്സ്പെൻഡീച്ചർ ആക്കി മാറ്റാതെ ബാധ്യതയാക്കി നിലനിറുത്തിയിട്ടുണ്ട്.

6).സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 12,34,000-രൂപ ബാലൻസ് ഷീറ്റ് (B-4)പ്രകാരം ബാധ്യതയുണ്ട്.ആയത് ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല.

7).ബാലൻസ് ഷീറ്റ് B-4ഷെഡ്യൂൾ പ്രകാരം SSA നീക്കിയിരിപ്പ് 70467 ആണ് എന്നാൽ B- 17 ഷെഡ്യൂൾ പ്രകാരം ഇത് 72265 ആണ്.(വ്യത്യാസം 1798).

8).ബാലൻസ് ഷീറ്റ് B-4ഷെഡ്യൂൾ പ്രകാരം ടോട്ടൽ സാനിറ്റേഷൻ നീക്കിയിരിപ്പ്1342948 ആണ് എന്നാൽ B- 17 ഷെഡ്യൂൾ പ്രകാരം ഇത് 1377210 ആണ്.(വ്യത്യാസം 34262).

9)പഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

10).വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല.

11). നിർവ്വഹണോദ്യോഗസ്ഥർ മുഖേന നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ നിന്ന് ഈടാക്കിയ VAT.IT,KCWWF എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല

12).ബാലൻസ് ഷീറ്റ് B-9ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ113468 രൂപയും,വാറ്റ് ഇനത്തിൽ 5497 രൂപയും,സർവ്വീസ് ടാക്സ് ഇനത്തിൽ 527407 രൂപയും,റിവർ മാനേജ്മന്റ് ഫണ്ട് ഇനത്തിൽ 17709 രൂപയും ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് അടവാക്കിയിട്ടില്ല.

13) B-9ഷെഡ്യൂൾ പ്രകാരം ഇ.എം.എസ് ഭവന പദ്ധതിയിനത്തിലെ ഉപയോഗിക്കാതെ തിരികെ വന്ന 53050 രൂപ ഇനിയും സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല.

14). ബാലൻസ് ഷീറ്റിലെ B 18 ഷെഡ്യൂളിൽ PA 200 രൂപ ഉൾപ്പെടുത്തിയിട്ടില്ല.

15).താഴെ പറയുന്ന അകൗണ്ടുകളിലെ 31-3-2017 ലെ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പെരുത്തപ്പെടുന്നില്ല. റിക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല.

| ക്ര.ന | അക്കൌണ്ട് | AFS പ്രകാരം | ബാങ്ക് സ്റ്റേറ്റ് മെന്റ് പ്രകാരം |
|---|---|---|---|
| 1 | SBT OwnFund.<br>A/c No.57052750347 | 3121740 | 3369308 |
| 2 | TSB<br>A/c No.715081400000003 | 2836818<br>(ബാങ്ക് ബുക്ക് പ്രകാരം.1944818) | 2221328 |
| 3 | ജലനിധി.<br>A/c No.4307000100341557 | 3041329 | 3458071.09 |
| 5 | SBT VAT<br>A/c No.450410108 | 30478 | ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല. |

| | | | |
|---|---|---|---|
| 6 | SBT ഇ.മണൽ | 864988 | 888217 |
| 7 | NREGS | 6135 | 87425 |

16). ഡെപ്പോസിറ്റ് ,അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി പൂർത്തീകരിച്ചിട്ടില്ല

17). മുൻ വാർഷിക കണക്കിലെ(2015-16) അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുകയോ പരിഹരിച്ച് വിവരം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11419143 |
| വരവ് | 98733309 |
| ആകെ | 110152452 |
| ചെലവ് | 97895721 |
| നീക്കിയിരിപ്പ് | 12256731 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് (Lapsed) | ചെലവ് ശതമാനം | നീക്കി യിരിപ്പ് R&P 40b പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16716153 | 16716153 | 15596548 | 1119605 | 93 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8285814 | 8285814 | 3428205 | 4857609 | 41.37 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 814878 | 814878 | 295992 | 518886 | 36.32 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4588647 | 4588647 | 2023692 | 2564955 | 44 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9375347 | 9375347 | 8370549 | 1004798 | 89.28 | 0 |
| പെർഫോമൻസ് ഗ്രാന്റ് (State Share) | 0 | 1290306 | 1290306 | 970522 | 319784 | 75 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3619010 | 3619010 | 873700 | 2745310 | 24 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| (central Share) | | | | | | | |
| NREGS | 5096 | 1030853 | 1035949 | 1029814 | -- | 99 | 6135 |
| B Fund | 0 | 39287125 | 39287125 | 39287125 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ % |
|---|---|---|---|---|---|---|
| 192 | 9439000 | 85 | 4107411 | 0 | 107 | 44 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4373614 | 6560162 | (+)2186548 | (+)50 |
| നികുതിയേതര വരവുകൾ | 3811443 | 3554984 | (-)256459 | (-)6.7 |
| മറ്റ് വരവുകൾ | 124153 | 287212 | 163059 | (+)131.3 |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 150720 | 79 |
| കർഷകതൊഴിലാളി പെൻഷൻ | 1976780 | 955 |
| വിധവാ പെൻഷൻ | 14697410 | 850 |
| വാർദ്ധക്യകാല പെൻഷൻ | 18404760 | 908 |
| അംഗപരിമിതർക്കുള്ള പെൻഷൻ | 3524225 | 237 |
| വിവാഹ ധനസഹായം | 0 | 0 |

| | | |
|---|---|---|
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 532860 | 38 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,184 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ഉൾപ്പെടെ, എല്ലാ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.വെറ്റിനറി സർജൻ ,അസി.സെക്രട്ടറി എന്നിവർ ക്യാഷ്ബുക്ക് എഴുതിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/06/2017 | 05/2017 | ഇല്ല |
| എ.ജി.ഓഡിറ്റ് | 22/08/2012 to 10-09-12 | 2007-08 to 2011-12 | 11/12/2012 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ ഉടമസ്ഥരിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം 203 പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ നൽകുന്നു.

| ടവർ | ഡിമാന്റ് ചെയ്ത വസ്തു നികുതി | ഡിമാന്റ് ചെയ്ത ലൈബ്രറി സെസ് | അഭിപ്രായം |
|---|---|---|---|
| വൊഡാഫോൺ സെല്ലുലാർ ലിമിറ്റഡ്, 18/765 | 7200 | 360 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, 2/441 | 8400 | 400 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, 11/652 | 5400 | 270 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| ആകെ | 21000 | 1030 | |
| 2016-17 വർഷം വരെ ആകെ കുറവ് | വസ്തു നികുതി – 21000 X 4 = 84000/- | ലൈബ്രറി സെസ് – 1030 X 4 = 4120/- | |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243 പ്രകാരം ഗ്രാമ പഞ്ചായത്തിനു പിരിഞ്ഞ് കിട്ടാനുള്ള തുക മൂന്ന് വർഷത്തിനുള്ളിൽ പിരിച്ചെടുത്തിട്ടില്ലങ്കിൽ ആയവ നിയമപരമായി കാലഹരണപ്പെടും. ഗ്രാമ പഞ്ചായത്ത്/നഗരസഭ ടവറുകൾ സ്ഥിചെയ്യുന്ന വസ്തുവിന്റെ ഉടമയിൽ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നതിന് പകരം ടവറുകൾ സ്ഥാപിക്കുന്നതിന് പെർമിറ്റ് നേടിയ ടെലിക്കമ്മ്യൂണിക്കേഷൻ കമ്പനികൾക്കാണ് ഡിമാന്റ് നോട്ടീസ് നൽകുന്നത്.മേൽ വിലാസങ്ങൾ ഇടയ്ക്കിടക്ക് മാറുന്ന ഇത്തരം സ്ഥാപനങ്ങൾക്കയക്കുന്ന നോട്ടീസുകൾ കൈപ്പറ്റാതെ മടങ്ങി വരുന്നതും പതിവാണ്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/21-8-17 ന് നൽകിയ മറുപടി നൽകിയിട്ടില്ല.ടവറുകൾ സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ യഥാർത്ഥ ഉടമകളിൽ നിന്ന് വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ചും നിയമപരമായി കാലഹരണപ്പെടുന്ന കാലയളവ് പോലും പരിഗണിക്കാതെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
2015-16 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ തുക ഈടാക്കാൻ നിർദ്ദേശിച്ചിരുന്നതാണ്. 14.02.2017 ന് അയച്ച ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശം പാലിക്കാതിരുന്നതിനാൽ ഈടാക്കാൻ അവശേഷിക്കുന്ന മേൽപ്പറഞ്ഞ നഷ്ട തുക ഉത്തരവാദിയായ സെക്രട്ടറി ശ്രീ. അന്ത്രു . എം.എം ൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## 2-2 ബസ്സ്റ്റാന്റ് ബങ്ക് പിരിവ് അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ബസ്സ്റ്റാന്റ് ബങ്ക് പിരിവ് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1)വാടക കുറവായി ഈടാക്കി.

താഴെ പറയുന്ന ബങ്ക് ലേലം കൊണ്ടവരിൽ നിന്നും വാടക കുറവായി ഈടാക്കി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ലേലം കൊണ്ടയാളുടെ പേര് | ഈടാക്കേണ്ട വാടക,സർവ്വീസ് ടാക്സ് | ഈടാക്കിയത് | കുറവ് വാടക | സർവ്വീസ് ടാക്സ് കുറവ് |
|---|---|---|---|---|
| ശ്രീ.ബാലകൃഷ്ണൻ, ബങ്ക് നമ്പർ.101 | 1410*12= 16920 + 205*12= 2460 | 15510+ 2225 | 1410 | 235 |
| ശ്രീ.മുഹമ്മദ്, | 1274*12= | 8918+ | 6370 | 925 |

| | | | | |
|---|---|---|---|---|
| ബങ്ക് നമ്പർ102. | 15288 +<br>185*12=<br>2220 | 1295 | | |
| ശ്രീ.അബൂബക്കർ,<br>ബങ്ക് നമ്പർ,109 | 2823*12=<br>33876 +<br>409*12=<br>4908 | 28230+<br>4090 | 5646 | 818 |
| ശ്രീ.വാസു,<br>ബങ്ക് നമ്പർ.113 | 3231*12=<br>38772 +<br>468*12=<br>5616 | 35541 +<br>5148 | 3231 | 468 |
| ശ്രീ.അബ്ദുൾ റാഫി,<br>ബങ്ക് നമ്പർ.115 | 2205*12 =26460 +<br>320*12=<br>3840 | - | 26460 | 3840 |
| ശ്രീ.സൈതലവി,<br>ബങ്ക് നമ്പർ.126 | 5947*12=<br>71364 +<br>862*12=<br>10344 | 5947+<br>862 | 65417 | 9482 |
| ശ്രീ.ജമാലുദ്ധീൻ,ബങ്ക് നമ്പർ.135 | 4515*12=<br>54180 +<br>655*12=<br>7860 | 49665+<br>7205 | 4515 | 655 |
| ശ്രീ.മുഹമ്മദ് ഹനീഫ്,<br>ബങ്ക് നമ്പർ.138 | 11229*12=<br>134748 +<br>1628*12=<br>19536 | - | 134748 | 19536 |
| ശ്രീ.അബ്ദുൾസലാം,<br>ബങ്ക് നമ്പർ.140 | 4582*12=<br>54984 +<br>664*12=<br>7968 | 50402 +<br>7304 | 4582 | 664 |
| ശ്രീ.ബീരാൻ | 3416*12= | 40747 + | 245 | 37 |

| | | | | |
|---|---|---|---|---|
| ബങ്ക് നമ്പർ.111 | 40992 +<br>255*12+<br>5940 | 5903<br>Rt.No.11608101339/<br>12-5-16 | | |
| | | ആകെ | 2,52,624 | 36,660 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-15/19-08-17 ക്ക് മറുപടി നൽകിയിട്ടില്ല. വാടകയിനത്തിൽ നഷ്ടമായ 2,52,624/- രൂപ ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കേണ്ടതാണ്. സർവ്വീസ് ടാക്സ് ഇനത്തിലെ കുറവ് 36660/- രൂപ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

2)DCB സംക്ഷിപ്തം കൃത്യമല്ല.
ബങ്ക് ഡിമാൻറ് രജിസ്റ്റർ പ്രകാരം 2016-17 ലെ തൻവർഷ കുടിശ്ശിക1,90,968 രൂപയാണ് എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ ഇത് 2,93,371 രൂപയാണ് വാർഷിക കണക്ക് പ്രകാരം ഇത് 2,36,945 ആണ്.സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) ബൈലോ തയ്യാറാക്കിയിട്ടില്ല.

സർക്കാർ അംഗീകൃത ബൈലോ പ്രകാരമായിരിക്കണം വാടക സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടതെങ്കിലും ബൈലോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ആസ്തി അനധികൃതമായി കൈവശം വെക്കുന്നവർക്കെതിരെയുള്ള നിയമനടപടികളെപോലും ദുർബലപ്പെടുത്താൻ ഇത് കാരണമാവും.

4) വാടക ഒടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല.

ബങ്ക് വാടകക്ക് എടുത്തവരിൽ ചിലർ സാമ്പത്തിക വർഷം പൂർത്തിയായ ശേഷവും വാടക തീർത്തടക്കാൻ ശേഷിക്കുന്നവരാണ്.വാടക തീർത്തടച്ചവരിൽ അധികം പേരും കൃത്യമായ സമയക്രമം പാലിച്ച് വാടക ഒടുക്കിയിട്ടില്ല.

അപാകതകൾക്ക് കാരണം വിശദീകരിക്കേണ്ടതാണ്

## 2-3 ഷോപ്പിംഗ് കോപ്ലക്സ് വാടക പിരിവ് അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് വാടക പിരിവ് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി

1)വാടക കുറവായി ഈടാക്കി.

താഴെ പറയുന്ന ഷോപ്പിംഗ് കോപ്ലക്സ് വാടകക്ക് എടുത്തവരിൽനിന്നും വാടക കുറവായി ഈടാക്കി. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാടകക്കാരൻ | ഈടാക്കേണ്ട വാടക,സർവ്വീസ് ടാക്സ് | ഈടാക്കിയത് | കുറവ് വാടക | സർവ്വീസ് ടാക്സ് കുറവ് |
|---|---|---|---|---|
| ശ്രീ.സൈനുദ്ധീൻ,<br>നമ്പർ.GF-3 | 835*12=<br>10020+<br>121*12<br>1452 | 8350 +<br>1210 | 1670 | 242 |
| ശ്രീ.പരമേശ്വരൻമൂസത്, | 582*12= | 5820+ | 1164 | 168 |

| | | | | |
|---|---|---|---|---|
| നമ്പർGF-11. | 6984+<br>84*12=<br>1008 | 840 | | |
| പ്രസിഡന്റ് മുസ്ലീം കൾച്ചറൽ സൊസൈറ്റി,<br>നമ്പർ,FF-2 | 476*12=<br>5712 +<br>69*12=<br>828 | - | 5712 | 828 |
| ശ്രീ.ഷംശുദ്ധീൻ<br>നമ്പർ.FF-4 | 1131*12=<br>13572 +164*12=<br>1968 | 12441+<br>1804 | 1131 | 164 |
| സെക്രട്ടറി സിപിഎം,<br>നമ്പർ.FF-8 | 408*12=<br>4896 +<br>59*12=708 | - | 4896 | 708 |
| ശ്രീ.മുഹമ്മദ്<br>നമ്പർ.G-10 | 2603*12=<br>31236 +<br>377*12=4524 | 28633 +4147 | 2603 | 377 |
| | | ആകെ | 17176 | 2487 |

2)DCB സംക്ഷിപ്തം കൃത്യമല്ല.

ഷോപ്പിംഗ് കോംപ്ലക്സ് ഡിമാൻറ് രജിസ്റ്റർ സംക്ഷിപ്തം പ്രകാരം 2016-17 ലെ തൻവർഷ കുടിശ്ശിക 13990 രൂപയാണ്. വാർഷിക കണക്കിലും ഇപ്രകാരമാണ്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ ഇത് 17176 രൂപയുടെ കുടിശ്ശികയുള്ളതായി ബോധ്യപ്പെട്ടു .സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) ബൈലോ തയ്യാറാക്കിയിട്ടില്ല.

സർക്കാർ അംഗീകൃത ബൈലോ പ്രകാരമായിരിക്കണം വാടക സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടതെങ്കിലും ബൈലോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ആസ്തി അനധികൃതമായി കൈവശം വെക്കുന്നവർക്കെതിരെയുള്ള നിയമനടപടികളെപോലും ദുർബലപ്പെടുത്താൻ ഇത് കാരണമാവും.

5) വാടക ഒടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല.

ഷോപ്പിംഗ് കോംപ്ലക്സ് വാടകക്ക് എടുത്തവരിൽ ചിലർ സാമ്പത്തിക വർഷം പൂർത്തിയായ ശേഷവും വാടക തീർത്തടക്കാൻ ശേഷിക്കുന്നവരാണ്.വാടക തീർത്തടച്ചവരിൽ അധികം പേരും കൃത്യമായ സമയക്രമം പാലിച്ച് വാടക ഒടുക്കിയിട്ടില്ല.

അപാകതകൾക്ക് കാരണം വിശദീകരിക്കേണ്ടതാണ്.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-16/21-08-17ക്ക് മറുപടി നൽകിയിട്ടില്ല. വാടക പിരിച്ചെടുക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി പിരിവ് അപാകതകൾ

2016-17 വർഷ തൊഴിൽ നികുതി പരിശോധനയിൽ താഴെപ്പറയുന്ന ജീവനക്കാർ/സ്ഥാപനങ്ങൾ1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി അടവാക്കിയില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു.

1)അർദ്ധവാർഷിക വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല.

| ജീവനക്കാർ | സ്ഥാപനം സമർപ്പിച്ച പത്രിക പ്രകാരമുള്ള അർദ്ധവാർഷിക വരുമാനം | അർദ്ധവർഷം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി/ രശീതി നമ്പർ | കുറവ് |
|---|---|---|---|---|---|
| ശ്രീ.അഥീൻ അസി.പ്രൊഫസർ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് കുറ്റിപ്പുറം | 1,32,000 | 2016-17 1ാം അർദ്ധവർഷം | 1250 | 1000 Rt.No.11608103334/ 19.08.2016 | 250 |
| ശ്രീമതി.പൂർണ്ണ ചന്ദ്രൻ. അസി.പ്രൊഫസർ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് കുറ്റിപ്പുറം | 1,32,000 | 2016-17 1ാം അർദ്ധവർഷം | 1250 | 1000 Rt.No.11608103334/ 19.08.2016 | 250 |
| ശ്രീമതി.ബിൻസ, ഫാർമസിസ്റ്റ്, ഗവ.ഹോമിയോ ആശുപത്രി | 70,797 | 2016-17 IIാം അർദ്ധവർഷം | 600 | 500 Rt.No.116081096541/ 20.01.2017 | 100 |
| ശ്രീ.പ്രവീൺകുമാർ ഡാറ്റാ എൻട്രി ഓപ്പറേറ്റർ NREGS | 78,000 | 2016-17 IIാം അർദ്ധവർഷം | 750 | 600 Rt.No.11608110423/ 30.03.2017 | 150 |

| | | | | | |
|---|---|---|---|---|---|
| ശ്രീ.മുഹമ്മദാലി,<br>ഓവർസിയർ<br>NREGS | 78,000 | 2016-17 II ാം അർദ്ധവർഷം | 750 | 600<br>Rt.No.11608110423/<br>30.03.2017 | 150 |
| | | | | ആകെ | 900 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ7/17-8-17ക്ക് മറുപടി നൽകിയിട്ടില്ല. തൊഴിൽ നികുതിയിനത്തിൽ നഷ്ടമായ 900 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

2)സഹകരണ ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റ്മാരായി ജോലിചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പൊന്നാനി സഹകരണ അർബൻ ബാങ്ക് എന്നിവയിൽ കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റ്മാരായി ജോലിചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. ഇത് സംബന്ധിച്ച് 26-09-2016 ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഡി-16 /12806/16 നമ്പർ കത്തിലൂടെ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ നിർദേശം പാലിച്ചിട്ടില്ല.

3)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/ 06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല.

കൂടാതെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലുംസ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

1) കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്ക്

2) K.S.E.B കുറ്റിപ്പുറം

3)വസുധ ഗ്യാസ് ഏജൻസി മൂടാൽ

4)ചൈത്രം ഫ്യുവൽസ് കുറ്റിപ്പുറം

5)IOCL പെട്രോളിയം ഏജൻസീസ്
തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-5 D&O ലൈസൻസ് ഫീസ് പിരിവ് അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷ D&O ലൈസൻസ് ഫീസ് പിരിവ് പരിശോധനയിൽ ചില സ്ഥാപനങ്ങളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ.

1)വിറ്റുവരവിനനുസൃതമായ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 ചട്ടം 7 പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് കുറവായി ഈടാക്കി.

| സ്ഥാപന ഉടമസ്ഥർ | അപേക്ഷ പ്രകാരമുള്ള ദിവസേന വിറ്റുവരവ് | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ശ്രീമതി.പത്മജ.(17/219) | 10,000 | 300 | 200<br>Rt.No.11608107008/<br>24-12-16 | 100 |
| ശ്രീമതി.ഉഷ<br>(17/1178) | 20,000 | 500 | 300<br>Rt.No.11608107287/<br>09-01-17 | 200 |
| ശ്രീമതി.ഉഷ<br>(8/548) | 20,000 | 500 | 300<br>Rt.No.11608107274/<br>09-01-17 | 200 |
| | | | ആകെ | 500 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ4/17-8-17 ക്ക് മറുപടി നൽകിയിട്ടില്ല. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.
2)യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീസ് കുറവായി ഈടാക്കി.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 ചട്ടം 17 പട്ടിക III പ്രകാരമുള്ള യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് കുറവായി ഈടാക്കി.

| സ്ഥാപന ഉടമസ്ഥർ | യന്ത്രത്തിന്റെ കുതിര ശക്തി<br>(അപേക്ഷ/ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് പ്രകാരം) | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ശ്രീ.സുബൈർ.ടി.പി.<br>(11/174A&B) | 133.5 HP | 2000 | 200<br>Rt.No.11508108847/<br>30-03-16 | 1800 |
| ശ്രീ.വി.പി.രവീന്ദ്രനാഥൻ<br>(5/596A) | 85HP | 1000 | 250<br>Rt.No.11608100436/<br>12-04-16 | 750 |

| | | | | |
|---|---|---|---|---|
| ശ്രീ.സൈതലവി<br>(8/387) | 15HP | 200 | 50<br>Rt.No.116081100512/<br>15-04-16 | 150 |
| ശ്രീ.കെ.പി.ആലിബാവ<br>(8/62 | 95HP | 1000 | 150<br>Rt.No.11608101637/<br>03-05-16 | 850 |
| | | | ആകെ | 3550 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ4/17-8-17 ക്ക് മറുപടി നൽകിയിട്ടില്ല. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

3)യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീസ് ഈടാക്കിയില്ല.

താഴെ പറയുന്ന സ്ഥാപന ഉടമസ്ഥരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 ചട്ടം 17 പട്ടിക IIIപ്രകാരമുള്ള യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| സ്ഥാപന ഉടമസ്ഥർ | യന്ത്രത്തിന്റെ കുതിര ശക്തി (അപേക്ഷ/ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് പ്രകാരം) | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ലൈസൻസ് അനുവദിച്ച തിയതി | കുറവ് |
|---|---|---|---|---|
| ശ്രീ.ലത്തീഫ്<br>(6/19) | 472 HP | 4720(200 HP വരെ 2000 തുടർന്ന് ഓരോ HP ക്കും 10രൂപ വീതം 2000+2720) | 23-9-16 | 4720 |
| ശ്രീമതി.റംല<br>(8/529A) | 10HP | 100 | 01-11-16 | 100 |

| | | | | |
|---|---|---|---|---|
| ശ്രീ.വി.കെ.മുഹമ്മദ്കുട്ടി. (1/219) | 37.5HP | 500 | 18-01-17 | 500 |
| | | | ആകെ | 5320 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ4/17-8-17 ക്ക് മറുപടി നൽകിയിട്ടില്ല. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-6 ബിൽഡിംഗ് പെർമിറ്റ് ഫീസ് പിരിവ് അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ബിൽഡിംഗ് പെർമിറ്റ് ഫീസ് പിരിവ് പരിശോധനയിൽ താഴെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും 2011 ലെ കേരള പഞ്ചായത്തിരാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർത്തിരിക്കുന്നു.

1)പെർമിറ്റ്ഫീസ് കുറവായി ഈടാക്കി

താഴെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും അവയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായ പെർമിറ്റ് ഫീസ് കുറവായി ഈടാക്കി.

| കെട്ടിട ഉടമ | കെട്ടിടത്തിന്റെ തരം / വിസ്തീർണ്ണം | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ശ്രീമതി.സഫിയ | വാണിജ്യം, 374.34 m2 | 374.34 m2*5=1872 | 1372 Rt.No.11608101339/ 12-5-16 | 500 |
| ശ്രീ.ഷൗക്കത്തലി | വാസഗൃഹം, 176.03 m2 | 176.03*3=528 | 500 Rt.No.11608106201/ 08-11-16 | 28 |
| ശ്രീ.മമ്മുട്ടിഹാജി | വാസഗൃഹം, 263.85m2 | 263.85*3=792 | 753 Rt.No.11608106377/ 15-11-16 | 39 |
| ശ്രീമതി.ഷീബ | വാസഗൃഹം, 245 m2 | 245 *3=735 | 702 Rt.No.11608106742/ 5-12-16 | 33 |
| ശ്രീ.ശരീഫ്. | വാസഗൃഹം, 188.09 m2 | 188.09*3=564 | 451 Rt.No.11608106920/ 19-12-16 | 113 |
| ശ്രീ.അബ്ദുൾ ബാസിത്ത് | വാസഗൃഹം, 188.52m2 | 188.52*3=566 | 514 Rt.No.11608106997/ 23-12-16 | 52 |

| | | | | |
|---|---|---|---|---|
| | | | ആകെ | 765 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-14/19-08-17 ന് മറുപടി നൽകിയിട്ടില്ല. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കോൺക്രീറ്റ് പ്രവൃത്തി അധിക നിരക്ക് നൽകിയത്

അസി.എഞ്ചിനീയർ നിർഹണോദ്യോഗസ്ഥനായ, മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ 1:2:4 അനുപാതത്തിൽ റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്ന പ്രവൃത്തികളിൽ ഉയർന്ന നിരക്ക് അനുവദിച്ചത് വഴി അധികതുക നൽകിയതായി കാണുന്നു. .റോഡ് പ്രതലത്തിൽ 1:4:8 അനുപാതത്തിൽ 40 mmമെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റ് പ്രവൃത്തിക്ക് മുകളിൽ 1:2:4 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്യതിന് ഡി.എസ്.ആർ കോഡ് 11.7 പ്രകാരമുള്ള , കെട്ടിടങ്ങളുടെ ഫ്ളോറിംഗ്ചെയ്യുന്നതിനുള്ളനിരക്കാണ് നൽകിയിരിക്കുന്നത്. ആയതിന് അനുവദനീയമായ നിരക്ക് ഡി.എസ്.ആർ കോഡ് 4.1.3 പ്രകാരമുള്ളത് മാത്രമാണ്. നൽകിയ തുകയുടെയും നൽകാവുന്ന തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ വിവരം | 1;2:4 അനുപാതത്തിൽ ചെയ്ത പ്രവർത്തിയും നൽകിയ തുകയും | DSR 4.1.3 പ്രകാരം നൽകാവുന്നത് | അധികം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വെള്ളത്തു പരമ്പ് SC കോളനി റോഡ് കോൺക്രീററ്(64/17)<br>എം.ബുക് നം. 252/15-16<br>കൺവീനർ ; വി.പി.ഗോപാലകൃഷ്ണൻ<br>തുക 195223<br>ബിൽ നം. 2/16-17 തി.7.3.17 | Item .4<br>13.38 m3@6534.45/m3<br>=87430 | 13.38m3@6202/m3<br>=82982 | 4448 | 2014 DSR ,<br>Cost index 1.3048പ്രകാരം |
| 2 | ചുനിപ്പള്ളി പാത്ത് വെ അഭിവൃദ്ധി(S0204/16)<br>എം.ബുക് നം. 49/17<br>കൺവീനർ ; പള്ളത്ത് | Item.8<br>2.46 m3@6534.45/m3<br>=16075 | 2.46m3@6202/m3<br>=15256 | 819 | 2014 DSR ,<br>Cost index 1.3048പ്രകാരം |

| | | | | | |
|---|---|---|---|---|---|
| | അരീക്കാട്ടിൽ ഇസ്മായിൽ<br>തുക 250000<br>ചെക്ക് നം.2487243/30.3.17 | | | | |
| 3 | ബിലാൽ നഗർ റോഡ് കോൺക്രീററ്(217/16)<br>എം.ബു ക് നം. 86/15-16<br>കൺവീനർ ; കെ,കെ ഹംസ<br>തുക 325000<br>ചെക്ക് നം.2487244/31.3.17 | Item .4<br>21.375 m3@6534.45/m3<br>=139673 | 21.375m3@6202/m3<br>=132567 | 7106 | 2014 DSR ,<br>Cost index 1.3048പ്രകാരം |
| 4 | പകരനല്ലൂർ കണക്കശ്ശേരി റോഡ്(123/16)<br>എം.ബുക് നം. 15/15-16<br>കൺവീനർ ; കണക്കശ്ശേരി ബാപ്പുട്ടി<br>തുക 300000<br>ചെക്ക് നം.2487244/31.3.17 | Item .4<br>20.75 m3@6534.45/m3<br>=135589 | 20.75m3@6202/m3<br>=128691 | 6898 | 2014 DSR ,<br>Cost index 1.3048പ്രകാരം |
| 5 | പേരഴിപ്പടി തൊടിപ്പറമ്പ് റോഡ് അഭിവൃദ്ധി(111/16)<br>എം.ബുക് നം. 86/15-16<br>കൺവീനർ ; ഇസ്മായിൽ പള്ളത്ത് അരീക്കാട്ട്<br>തുക 480000<br>ചെക്ക് നം.2487243/30.3.17 | Item 3<br>40.11 m3@6534.45/m3<br>=262096 | 40.11m3@6202/m3<br>=248762 | 13334 | 2014 DSR ,<br>Cost index 1.3048പ്രകാരം |
| 6 | പേരശ്ശന്നൂർ അങ്ങാടി അയ്യപ്പൻ കോളനി റോഡ്(129/16)<br>എം.ബുക് നം. 140/15-16<br>കൺവീനർ ; രതീഷ് കോരക്കാട്ടിൽ<br>തുക 400000<br>ചെക്ക് നം.2487244/31.3.17 | Item .4<br>27.22 m3@6534.45/m3<br>=177867 | 27.22m3@6202/m3<br>=168818 | 9049 | 2014 DSR ,<br>Cost index 1.3048പ്രകാരം |

| | | | | | |
|---|---|---|---|---|---|
| 7 | പകരനെല്ലൂർ കരുവാപ്പടി MC റോഡ്(124/16)<br>എം.ബുക് നം. 253/15-16<br>കൺവീനർ ; സക്കീർ ഹുസൈൻ MC<br>തുക 495000<br>ചെക്ക് നം.2487243/30.3.17 | Item .4<br>35.15 m3@6534.45/m3<br>=229686 | 35.15m3@6202/m3<br>=218000 | 11686 | 2014 DSR ,<br>Cost index 1.3048പ്രകാരം |
| 8 | കൊളക്കാട് മാമ്പിപ്പടി റോഡ്(160/16)<br>എം.ബുക് നം. 41/15-16<br>കൺവീനർ ; പാപ്പിനിശ്ശേരി അബ്ദുൽ വാഹിദ്<br>തുക 441021<br>ചെക്ക് നം.2487243/30.3.17 | Item .8<br>9.85 m3@6534.45/m3<br>=64364 | 9.85m3@6202/m3<br>=61090 | 3274 | 2014 DSR ,<br>Cost index 1.3048പ്രകാരം |
| 9 | റേഷൻ ഷാപ്പ് പുളിഞ്ചോട്റോഡ്(110/16)<br>എം.ബുക് നം. 121/15-16<br>കൺവീനർ ; വി.ടി.അബ്ദുൽ റസാഖ്<br>തുക 485000<br>ചെക്ക് നം.2487243/30.3.17 | Item .4<br>31.55 m3@6534.45/m3<br>=206162 | 31.55m3@6202/m3<br>=195673 | 10489 | 2014 DSR ,<br>Cost index 1.3048പ്രകാരം |
| 10 | HMC കേളനി റോഡ് അഭിവൃദ്ധി(113/16)<br>എം.ബുക് നം. 25/15-16<br>കൺവീനർ ; k.ബാബു<br>തുക 496000<br>9435667/16.1.17 | Item .4<br>32.217 m3@6534.45/m3<br>=210520 | 32.217m3@6202/m3<br>=199809 | 10711 | 2014 DSR ,<br>Cost index 1.3048പ്രകാരം |
| 11 | മണ്ടകപ്പറമ്പ് ആശാരി കോളനി പാത്ത് വെ അഭിവൃദ്ധി(17716)<br>എം.ബുക് നം. 85/15-16<br>കൺവീനർ ; അബ്ദുറഹിമാൻ ചീനിക്കൽ | Item .3<br>23.85 m3@6534.45/m3<br>=155847 | 23.85m3@6202/m3<br>=147918 | 7929 | 2014 DSR ,<br>Cost index 1.3048പ്രകാരം |

| | | | | | | |
|---|---|---|---|---|---|---|
| | തുക 310000<br>943566/16.1.17 | | | | | |

ആകെ 85743രൂപ

അധിക നിരക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.5/17.8.17 ന് DSR 4.1.3 എന്നത് കോൺക്രീറ്റ് മിക്സ് നിർമ്മാണത്തിനാണെന്നും ആയതിൽ തൊഴിലാളികളുടെ കൂലി ഉൾപ്പെടാത്തതിനാലാണ് 11.7 പ്രകാരമുള്ള നിരക്ക് അനുവദിച്ചത് എന്നുമാണ്. പ്രസ്തുത മറുപടി അംഗീകരിക്കുവന്നതല്ല.അധികം നൽകിയ തുക ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 നിർമ്മാണ തൊഴിലാളി ക്ഷേമനിധി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

തുക അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ 5/18.8.17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ തുക ട്രഷയിൽ നിന്ന് നേരിട്ട് KCWWF അക്കൗണ്ടിലേക്ക് നേരിട്ട് അടവാക്കുകയാണ് ചെയ്തിട്ടുള്ളത് എന്നും തനത് ഫണ്ട് നൽകിയ ബില്ലുകളിൽ നിന്നും DD എടുത്ത് അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ കൈപ്പറ്റ് രസീതി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രസീതുകൾ ഹാജരാക്കാതാതതിനാൽ ഈ ഇനത്തിലെ ചെലവ് തുക 109390 രൂപ തടസ്സം ചെയ്യുന്നു.

## 3-3 ചെലവ് വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾക്കായി തനത് ഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം നൽകിയ തുകകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | തുക | ചെക്ക് നം/തിയ്യതി | വിശദ വിവരം |
|---|---|---|---|
| 1 | 310000 | 943566/16.1.2017 | മുണ്ടകപറമ്പ് റോഡ് അഭിവൃദ്ധി (S0030/17) |
| 2 | 496000 | 9435667/16.1.2017 | HMC കോളനി റോഡ് (SOO12/17) |
| 3 | 3789357 | 2487243/30.3.2017 | 10/17,37/17,27/17,49/17,11/17,20/17,36/17,31/17 എന്നീ പദ്ധതികൾക്ക് |
| 4 | 1520000 | 2487244/31.3.2017 | 39/17,23/17,57/17,22/17 എന്നീ പദ്ധതികൾക്ക് |

മേൽ തുക ക്യാഷ് ബുക്കിൽ രേഖപ്പെടുത്താതിന് വിശദീകരണം നൽകേണ്ടതാണ്. എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.8/17.8.17 ന് മറുപടിലഭ്യമാക്കിയില്ല.ചെലവ് വിവരം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് നാളിതുവരെയും കൈമാറാത്തതുമൂലം തനത്ഫണ്ടിൽനിന്നും ഭീമമായ തുക വൈദ്യുതിചാർജ്ജിനത്തിലും പമ്പ് ഓപ്പറേറ്ററുടെ വേതനമായും വർഷങ്ങളായി ചെലവഴിച്ചുകാണുന്നു. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കേണ്ട പണമാണ് സമയബന്ധിതമായി നടപടി കൈകൊള്ളാത്തതുമൂലം ഇങ്ങനെ പാഴായിപ്പോകുന്നത്. 30.05.2009ലെ സ.ഉ(എം.എസ്)1275/2009/ത.സ്വ.ഭ.വ ഉത്തരവിൽ കുടിവെള്ളപദ്ധതികൾ അറ്റകുറ്റപണികൾ തീർത്ത് പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശമുണ്ടെങ്കിലും ഇക്കാര്യത്തിൽ തികഞ്ഞ അലംഭാവമാണ് കാണുന്നത്. കഴിഞ്ഞ നാല് വർഷങ്ങളിൽ ഈയിനത്തിൽ ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | വൈദ്യുതി ചാർജ്ജ് | പമ്പ് ഓപ്പറേറ്ററുടെ വേതനം | ആകെ |
|---|---|---|---|
| 2013-14 | 12,02,463 | 9,75,780 | 21,78,243 |
| 2014-15 | 15,59,618 | 8,32,691 | 23,92,309 |
| 2015-16 | 18,76,094 | 9,77,520 | 28,53,614 |
| 2016-17 | 19,46,918 | 10,50,060 | 29,96,978 |

കൂടാതെ അറ്റകുറ്റപ്പണിയിനത്തിലും വലിയൊരു തുക ചെലവഴിച്ചുകാണുന്നു. 2017-18 ഇതേ രീതിയിൽ തുടർന്നുവരുന്നുണ്ട്. കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടുകളില്ലാംതന്നെ ഉത്തരവിന് വിരുദ്ധമായി ഇങ്ങനെ ചെലവഴിക്കുന്നത് ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ നാളിതുവരെ നടപടികളൊന്നും എടുത്തിട്ടില്ല. ഇത് പഞ്ചായത്തിന്റെ ധനസ്ഥിതിയെതന്നെ ദോഷകരമായി ബാധിക്കും. ആയതിനാൽ അടിയന്തിരമായ നടപടികൾ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതും തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. സർക്കാർ ഉത്തരവുപാലിക്കാത്ത പക്ഷം ഈ ഇനത്തിലെ ചെലവു തുക ഇനിമേൽ സെക്രട്ടറിയുടെ

ബാധ്യതയായി കാണുന്നതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 10/2017 dt. 18.08.17 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 3-5 കേരളോത്സവം 2016 – പരിധിയിലധികം ചെലവഴിച്ചത് അംഗീകരിക്കുന്നില്ല.

2016-17 വർഷത്തിലെ കേരളോത്സവ നടത്തിപ്പിന്നായി താഴെ പറയുന്ന പ്രകാരം 69,400/- രൂപ യൂത്ത് കോ-ഓർഡനേറ്ററായ അബ്ദുൾറാഫിക്ക് ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വൗച്ചർ നമ്പർ 51600910/03.01.17 പ്രകാരം നല്കിയിട്ടുണ്ട്. 4.1.17ലെ നോട്ട് ഫയൽ പ്രകാരം താഴെ പറയുന്ന ചെലവിനങ്ങളാണ് നടത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | ചെലവിനം | തുക |
|---|---|---|
| 1 | ഗെയിംസ്, അത് ലറ്റിക്സ് | 34,854 |
| 2 | മരുന്ന് | 435 |
| 3 | സർട്ടിഫിക്കറ്റ്, ഫ്ലക്സ്, നോട്ടീസ് | 10,350 |
| 4 | ട്രോഫി | 12,400 |
| 5 | സ്റ്റേജ് | 6,321 |
| 6 | വാഹനം | 4,500 |
| | ആകെ | 68,860 |

<u>അപാകതകൾ</u>

1. ജി.ഒ (ആർടി) 3156/16/LSGD/21.11.16 ഉത്തരവിൽ ഗ്രാമപഞ്ചായത്തിന് 50,000/- രൂപവരെ ചെലവഴിക്കാൻ അനുവാദമുണ്ട്. എന്നാൽ ഈയിനത്തിൽ 69,400/- രൂപ യൂത്ത് കോ-ഓർഡിനേറ്റർക്ക് നല്കിയിട്ടുണ്ട്. അപേക്ഷയിൽതന്നെ വ്യക്തമാക്കിയതിനേക്കാൾ 540/-രൂപ അധികം നല്കിയതായി കാണുന്നു.

2. അപേക്ഷയുടെ അടിസ്ഥാനത്തിലാണ് തുക നല്കിയിട്ടുള്ളത്. എന്നാൽ ചെലവ് രേഖകളിൽ പലതും പൂർണ്ണമല്ല.

3. തനത് ഫണ്ട് 70,000/- രൂപ വകയിരുത്തിയാണ് പ്രൊജക്ട് (നം.110/17) തയ്യാറാക്കിയിട്ടുള്ളത്.

രേഖകൾ ഹാജരാക്കുന്നതുവരെ ചെലവനുവാദമുള്ള 50,000/- രൂപ തടസം ചെയ്യുകയും അധികം നല്കിയ 19,400/- രൂപ ഓഡിറ്റിൽ നിരാകരിക്കുകയും ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറിയ്ക്ക് ( നമ്പർ 03/2017 dt. 16.08.17) മറുപടി ലഭിച്ചിട്ടില്ല

## 3-6 ആനുപാതിക പെൻഷൻ അംശദാനം അടവാക്കിയില്ല

താഴെ പറയുന്ന ജീവനക്കാർക്ക് 2016-17 വർഷ കാലയളവിൽ ശമ്പള കുടിശ്ശിക/ഇൻക്രിമെന്റ് അരിയർ നല്കിയിട്ടുണ്ട്. ഈ വേതനവർദ്ധനവിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പേര്, തസ്തിക | അടിസ്ഥാന ശമ്പളം | അടിസ്ഥാന ശമ്പളം(ഡ്രോൺ) | ബാലൻസ് | പെൻഷൻ അംശദാനം (15%) | വൗചർ നമ്പർ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | (ഡ്യൂ) | | | | |
| 1 | ജോൺമേരി, സീ.ക്ലാർക്ക് | 31,500 | 13,210 | 18,290 | 2,744 | 21600056/ 21.4.16 2/16ലെ ശമ്പളകുടിശ്ശിക |
| 2 | ജീന പി.ജി, സീ.ക്ലാർക്ക് | 31,500 | 15,380 | 16,120 | 2,418 | 21600072/ 21.4.16 2/16ലെ ശമ്പളകുടിശ്ശിക |
| 3 | സാഹിജ്ജവർഗ്ഗീസ്, സെക്രട്ടറി | 2,74,860 | 2,66,860 | 8,000 | 1,200 | 1.1.15 മുതൽ 29.2.16 വരെയുള്ള റേഷ്യോ പ്രൊമോഷൻ ശമ്പളകുടിശ്ശിക |
| 4 | -ടി- | 3,22,360 | 2,94,100 | 28,260 | 4,239 | -do- |
| | ആകെ | | | | 10,601 | |

മേൽ ജീവനക്കാരുടെ ആനുപാതിക പെൻഷൻ അംശദാനം അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 11/2017 dt. 18.8.17 നല്കിയതിന് മറുപടി ലഭിച്ചിട്ടില്ല.

## 3-7 <u>വിനിയോഗ വിവരം ലഭിച്ചിട്ടില്ല</u>

സെക്രട്ടറി ചെലവഴിച്ച താഴെ പറയുന്ന തുകകൾക്ക് അതാതിന് നേരെ കാണിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ചെലവിനം | തുക | വൗച്ചർ നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | 124/17 എ.ബി.സി പ്രോഗ്രാമിന് വിഹിതം നൽകൽ | 1,50,000 (CFC Grant | 21600985/ 14.2.17 | വിനിയോഗവിവരമില്ല |
| 2 | വസ്തുനികുതി,ലൈസൻസ്,വെള്ളക്കരം കുടിശിക പിരിക്കുന്നതിന് മൈക്ക് അനൗൺസ്മെന്റ് | 7,000 (തനത് ഫണ്ട്) | 21601073/ 10.3.17 | KL-55-B-2337 ജീപ്പ് ട്രിപ്പ് ഷീറ്റില്ല (ഇതൊരു ഇന്നോവ കാർ ആണ്) |
| 3 | 197/16-7 സമ്പൂർണ്ണ വൈദ്യുതീകരണം കെ.എസ്.ഇ.ബി യിൽ തുക അടവാക്കൽ | 4,48,591 (Plan fund) 3,59,739 | 21601100/ 16.3.17 | വിനിയോഗവിവരമില്ല |

| | | | | |
|---|---|---|---|---|
| | | (CFC Grant) | | |
| 4 | 90/17 പി.എം.എ.വൈ അധിക വിഹിതം (എസ്.സി) | 1,00,000 (scp) | 2160199/ 16.3.17 | കൈപ്പറ്റില്ല |
| 5 | 89/17 പി.എം.എ.വൈ അധിക വിഹിതം (ജനറൽ) | 2,80,000 (plan) | 21601101/ 16.3.17 | -do- |
| 6 | 84/17 ഐ.കെ.എം ന് തുക നൽകൽ | 75,100 (cfc) | 21601102/ 16.3.17 | -do- |
| 7 | 83/17 എസ്.എസ്.എ വിഹിതം നല്കൽ | 15,00,000 (cfc) | 21601103/16.3.17 | -do- |
| 8 | 196/17 പൈങ്കണ്ണൂർ പാടശേഖരത്തിലേക്ക് ത്രീഫേസ് വൈദ്യുതിലൈൻ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് | 1,28,791 (plan) | 21601136/ 23.3.17 | വിനിയോഗവിവരമില്ല |
| 9 | 200/17 പാണ്ടികശാല കൈപ്പള്ളിക്കുന്ന് പ്രദേശത്തെ വൈദ്യുതിപോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് | 32,251 | 21601135/23.3.17 | വിനിയോഗവിവരമില്ല |
| | ആകെ | 30,81,472 | | |

വിനിയോഗവിവരം ലഭിക്കുന്നതുവരെ ചെലവ് തുക 30,81,472/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 12/2017 dt. 18.8.17 നല്കിയതിൽ മറുപടി ലഭിച്ചിട്ടില്ല.

## 3-8 <u>തൊഴിൽരഹിതവേതനം അധികം നല്കി</u>

20.03.1981 ജനനതിയതിയുള്ള ശ്രീ. കെ.പി രഘു, കുറ്റിയത്ത് പറമ്പ് എന്നയാൾക്ക് (റോൾ നം. 331) 35 വയസ് പൂർത്തിയാവുന്നത് 3/2016 ലാണ്. എന്നാൽ ടിയാൾ വേതനമിനത്തിൽ 3/16 മുതൽ 9/16 വരെ ഏഴ് മാസത്തെ വേതനമായി 840/- രൂപ 7.3.17ന് കൈപ്പറ്റിയിട്ടുണ്ട്. ആറ് മാസത്തെ അധികമായി നല്കിയ 720/- രൂപ തിരിച്ചടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 02/2017 dt. 16.08.17 നല്കിയതിൽ മറുപടി ലഭിച്ചിട്ടില്ല.

## 3-9 <u>മഴക്കാലപൂർവ്വശുചീകരണപ്രവർത്തനങ്ങൾ - നടപടിക്രമങ്ങൾ സുതാര്യമല്ല</u>

ബസ് സ്റ്റാന്റിലും പരിസരപ്രദേശങ്ങളിലുമുള്ള അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്തതിന് വൗച്ചർ നമ്പർ 21600446/26.08.2016 പ്രകാരം ശ്രീ.സുലൈമാൻ പുത്തൻപീടിയേക്കൽ, പൈങ്കണ്ണൂർ എന്നയാൾക്ക് 1,13,400/- രൂപ നല്കിയിട്ടുണ്ട്.

<u>ഭരണസമിതി തീരുമാനങ്ങൾ</u>

<u>24.06.16: തീരുമാനം II(i):</u> ശുചിത്വമിഷൻഫണ്ടുപയോഗിച്ച് എല്ലാ വാർഡുകളിലും മാലിന്യനിർമ്മാർജ്ജനപ്രവർത്തികൾ ചെയ്യുന്നതിനും മഴക്കാലപൂർവ്വശുചീകരണത്തിന്റെ ഭാഗമായി ടൗൺ പരിസരങ്ങൾ, ഡ്രെയിനേജ്, ഓടകൾ എന്നിവിടങ്ങളിലെ മാലിന്യം നീക്കം ചെയ്യാനുള്ള നടപടികൾ

സ്വീകരിക്കുന്നതിനും മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ സ്വീകരിക്കാനും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ക്വട്ടേഷൻ പ്രകാരം പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും തീരുമാനിച്ചു.

തീരുമാനം II(ii): 2016-17 വാർഷിക പദ്ധതിയിൽ 'മഴക്കാലപൂർവ്വ ശുചീകരണം (ജനറൽ)' എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിന് ഡി.പി.സി അനുമതി വാങ്ങുന്നതിന് തീരുമാനിച്ചു (അടങ്കൽ 3,45,000/-)

26.07.2016: തീരുമാനം I(4) : മാലിന്യം നീക്കംചെയ്യൽ പ്രവർത്തികൾക്കായി തനത് ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതിന് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ചെലവ് വൗച്ചറിനോടൊപ്പമുള്ള ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെങ്കിലും ക്വട്ടേഷൻ സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2. 19.07.16 മുതൽ 25.07.16 വരെയുള്ള (7 ദിവസം) ദിവസങ്ങളിലെ ട്രിപ്പ്ഷീറ്റുകളാണ് ഓഡിറ്റിനായി ഹാജരാക്കിയിട്ടുള്ളത്. ഇതിൽ KL 55 F 107 വാഹനത്തിൽ നാല് ട്രിപ്പുകൾ വീതം അഞ്ച് ദിവസവും (19 മുതൽ 23 വരെ) മൂന്ന് ട്രിപ്പുകൾ വീതം രണ്ട് ദിവസവും (24, 25തിയതികളിൽ) മാലിന്യം നീക്കം ചെയ്തതായി കാണുന്നു. കൂടാതെ KL 55 C 1416 വാഹനത്തിൽ 24.07.16 ൽ നാല് ലോഡ് മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുമുണ്ട്.ഇതിന് വണ്ടി വാടകയിനത്തിൽ ഒരു ട്രിപ്പിന് 1500 രൂപവീതം 30 ട്രിപ്പിന് 45,000/- രൂപയും 114 തൊഴിലാളികൾക്ക് 600 രൂപ വീതം 68,400/-രൂപയുമാണ് നല്കിയിട്ടുണ്ട്. തൊഴിലാളികളുടെ കൈപ്പറ്റ്/മസ്റ്റർറോൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3.ശുചിത്വമിഷൻ ഫണ്ടുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നതിനും ഡി.പി.സി അംഗീകാരം തേടുന്നതിനും തീരുമാനിച്ചിട്ടുള്ളതെങ്കിലും തനത് ഫണ്ട് ഉപയോഗിച്ചാണ് ചെലവ് ചെയ്തതായി കാണുന്നത്.

4. 01.04.16ലെ 201/ഡി.സി1/2016/തസ്വഭവ സർക്കുലറിൽ മഴക്കാലപൂർവ്വ ശുചിത്വ പ്രവർത്തനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിൽ ഖണ്ഡിക 14 ൽ 2016 ജൂൺ 30 ന് മുൻപ് ചെലവഴിക്കപ്പെടുന്ന തുക മാത്രമെ മഴക്കാലപൂർവ്വ ശുചീകരണത്തിന് ചെലവഴിക്കപ്പെട്ടതായി കണക്കാക്കുകയുള്ളുവെന്നും വാർഡൊന്നിന് ചെലവഴിക്കാവുന്ന 25,000/- രൂപയിൽ ശുചിത്വമിഷൻ, എൻ.ആർ.എച്ച്.എം എന്നിവ യഥാക്രമം 10,000/- രൂപ വീതവും തനത് ഫണ്ട് 5,000/- രൂപയുമായിരിക്കണമെന്ന് നിർദ്ദേശമുണ്ട്. കൂടാതെ ചെലവ് സമ്പന്ധിച്ച രേഖകൾ ഒരാഴ്ചക്കകം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമിതികളിൽനിന്നും ശേഖരിച്ച് സൂക്ഷിക്കേണ്ടതാണെന്നും പറയുന്നു. എന്നാൽ

അതുസംബന്ധിച്ച രേഖകളൊന്നുംതന്നെ പരിശോധനക്ക് ലഭ്യമായിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 13/2017 dt. 18.8.17 നല്കിയെങ്കിലും അപാകതകൾക്ക് വിശദീകരണം നല്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച തുക 1,13,400/- രൂപ തടസം ചെയ്യുന്നു.

## 3-10 മരുന്ന് ലഭ്യമാക്കിയില്ല.

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രാകാരം 500000 രൂപ മരുന്ന് വാങ്ങുന്നതിനായി കേരളാ സ്റ്റേറ്റ് ഹോമിയോ പതിക് കോഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ടങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽനമ്പർ/ തിയതി | അഭിപ്രായം |
|---|---|---|---|
| പ്രോജക്ട് നമ്പർ. S0114/17. | 5,00000 | 1/16-17/ 14-02-17 | മരുന്ന് വാങ്ങുന്നതിനായി |

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽനമ്പർ/ തിയതി | അഭിപ്രായം |
|---|---|---|---|
| ഹോമിയോആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ-5,00000( MG Non Road) | | | 5,00,000 രൂപ കേരള സംസ്ഥാന ഹോമിയോപതിക് സഹകരണ ഫാർമസി ലിമിറ്റഡിന് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. |
| | | ആകെ | 5,00,000 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-11 സപ്ലൈകോ വിലയിൽ അധികം നൽകി അംഗനവാടികളിൽ ഭക്ഷ്യ വസ്തുക്കൾ വാങ്ങി

ഗ്രാമ പഞ്ചായത്തിലെ 50 അംഗനവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ വാങ്ങിയിരിക്കുന്നത് ആതവനാട് സർവീസ് സഹകരണ ബാങ്കിന്റെ നീതി സ്റ്റോറിൽ നിന്നാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോർ,ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലകളേക്കാൾ അധികരിക്കാതെ ലഭിക്കുമെങ്കിൽ മാത്രമെ അംഗനവാടികൾക്ക് ഭക്ഷ്യ വസ്തുക്കൾ, നീതി/സഹകരണ സറ്റോറുകളിൽ നിന്ന് വാങ്ങാൻ പാടുള്ളൂവെന്ന് 18.11.2010ലെ 62393/ഡി.ബി.2/2010/ത.സ്വ.ഭ.വ. , 04.05.2011ലെ 54814/ഡി.സി.2 /2010/ത.സ്വ.ഭ.വ. നമ്പർ സർക്കുലറുകൾ മുഖേന സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ അംഗനവാടികൾക്ക് ഭക്ഷ്യ വസ്തുക്കൾ നീതി സ്റ്റോറിൽ നിന്ന് വാങ്ങിയതിൽ പ്രസ്തുത നിബന്ധന പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ലെന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ബന്ധപ്പെട്ട മാസങ്ങളിലെ വില വിവരപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങളുടെ വില വ്യത്യാസ വിവരമാണ് നൽകിയിട്ടുള്ളത്.

പ്രോജക്ട് നം/ പേര് : so 091/17, അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം.

ട്രഷറി ബിൽ നം./തീയതി : 01/16-17 /27.10.2016 തുക : 9,35,937 ഫണ്ട് : വികസനഫണ്ട്

നീതി സ്റ്റോർ ബിൽ നം . : 3/ 30.5.2016 & 4/30.05.2016

ഡി.ഡി.നം : 731652/ 08.11.2016

| ഇനം | വില (രൂപ) | അളവ് | തുക (രൂപ) | സപ്ലൈകോ വില (രൂപ) (പ്രൈസ് ലിസ്റ്റ് നം. M2-7850/15 dt.30.04.16) | തുക (രൂപ) | അധികം നൽകിയ വില (രൂപ) |
|---|---|---|---|---|---|---|
| നീതി സ്റ്റോർ ബിൽ നം . : 3/ 30.5.2016 | | | | | | |
| ചെറുപയർ | 115 | 1170 kg | 134550 | 74.00 | 86580 | 47970 |
| *ശർക്കര | 58 | 930 kg | 53940 | 45 | 41850 | 12090 |

| | | | | | | |
|---|---|---|---|---|---|---|
| ഉഴുന്ന് പരിപ്പ് | 190 | 285 | 54150 | 65 | 18525 | 35625 |
| നീതി സ്റ്റോർ ബിൽ നം . 4/30.05.2016 | | | | | | |
| രാഗി | 34 | 4280 | 145520 | 25 | 107000 | 38520 |
| *ശർക്കര | 58 | 1712 | 99296 | 45 | 77040 | 22256 |
| | ആകെ | | | | | 156461 |

NB: *ശർക്കര വില : കുട്ടിലങ്ങാടി ഐ.സി.ഡി.എസ്. സൂപ്പർവൈസർ സപ്ലൈകോ പടിഞ്ഞാറ്റുമുറി ഡിപ്പോയിൽ നിന്ന് വാങ്ങിയ 1699/31.05.2016 നമ്പർ ബില്ല് അവലംബമാക്കിയതാണ്.

(ഒരേ മാസത്തിൽ തന്നെ (930 +1712) 2642 കി.ഗ്രാം ശർക്കര വാങ്ങിയിട്ടുണ്ട്. അംഗണവാടികളിലെ കുട്ടികളുടെ യഥാർത്ഥ അംഗസംഖ്യക്കാനുപാതികമായി ആവശ്യം വരുന്ന ഉത്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നതെന്ന് ഉറപ്പാക്കുന്നതിന് വകുപ്പുതലത്തിൽ കൂടുതൽ അന്വേഷണം ആവശ്യമാണ്.)

2016ഓഗസ്റ്റ്, 2016നവമ്പർ,2017 ജനുവരി,2017 ഫെബ്രുവരി മാസങ്ങളിലും ആതവനാട് സഹകരണ ബാങ്കിന്റെ നീതി സ്റ്റോറിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങിയിട്ടുണ്ട്. മറ്റു ഗ്രാമ പഞ്ചായത്തുകളിൽ സപ്ലൈകോയിൽ നിന്ന് ഭക്ഷ്യ വസ്തുക്കൾ വാങ്ങിയ ബില്ലുകളുടെ പകർപ്പുകൾ ലഭ്യമാക്കി താരതമ്യം ചെയ്താണ് വില നൽകിയിരിക്കുന്നത്.

156461 രൂപ സപ്ലൈകോ വിലയിലധികമായി സഹകരണ നീതി സ്റ്റോറിന് നൽകേണ്ടി വന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം നേരിട്ടിട്ടുണ്ട്. സപ്ലൈകോ വിലവിവരപ്പട്ടികയിൽ ഉൾപ്പെടാത്തതും എന്നാൽ സപ്ലൈകോ സ്റ്റോറുകളിൽ വിൽപന നടത്തുന്നവയുമായ ഇനങ്ങളുടെ വിലകൾ താരതമ്യം ചെയ്തിട്ടില്ല. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധികം തുക ചെലവഴിച്ച് ഭക്ഷ്യ വസ്തുക്കൾ വാങ്ങിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.19/21.08.2017 മുഖേന വിശദീകരണം ആരാഞ്ഞുവെങ്കിലും ലഭ്യമാക്കിയില്ല. നഷ്ടതുക 156461 രൂപ ഉത്തരവാദികളായ ഭക്ഷ്യ വസ്തുക്കൾ വാങ്ങിയ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും തുക അനുവദിച്ച ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-12 ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകിയ സ്കോളർഷിപ്പ് തുകയിൽ കുറവ്

പ്രോജക്ട് നം.: 97/17,ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം

ബിൽ നം. : 14/16-17 തീയതി: 30.03.2017 : തുക: 8,30,000/- വികസന ഫണ്ട്.

നിർവ്വഹണം : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

11.01.2016ലെ ജി.ഒ.(എം.എസ്)4/2016/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 9(iv)പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 5.8 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത(പ്രതിമാസ സ്കോളർഷിപ്പിനു പുറമെ) |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷനൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | ഇനം | സ്കോളർഷിപ്പ്/ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 800 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 1400 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 400 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1000 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 18200 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 19200രൂപയും അർഹതയുണ്ട്.

ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്. സർക്കാർ ഉത്തരവിലൂടെ നൽകാൻ നിർദ്ദേശിച്ച നിരക്കിൽ നിന്നും കുറവാണ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുക.

1.ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| ക്ലാസ്സ് | കുട്ടികളുടെ | അർഹതയുള്ള തുക | വിതരണം | വ്യത്യാസം | റിമാർക്ക്സ് |
|---|---|---|---|---|---|

| | എണ്ണം | | ചെയ്ത തുക | | |
|---|---|---|---|---|---|
| 1-4/ നഴ്സറി ക്ലാസ്സ് | 09 | [(400x12)+500]x09 = 47,700 | [4,800x09]= 43,200 | 4,500 | ചലന വൈകല്യമുള്ള വർക്കുള്ള യാത്രാ ബത്ത പരിഗണിച്ചിട്ടില്ല |
| 5-8 | 05 | [(500x12)+600]x05 = 33,000 | [6000x05]= 30,000 | 3,000 | |
| 9,10,+1, +2 | 08 | [(600x12)+800]x08 =64,000 | [7,200x08]= 57,600 | 6,400 | |
| ബിരുദം | 03 | [(800x12)+1250]x03 =32,550 | [9,600x03]= 28,800 | 3,750 | |
| വൊക്കേഷണൽ | 01 | [(1000x12)+1500]x01 =13,500 | 10,957 | 2,543 | |
| ആകെ | 26 | 1,90,750 | 1,70,557 | 20,193 | |

2.മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| 59 | (18,200x59) = 10,73,800 | (11,177x59) = 6,59,443 | 4,14,357 | ഉല്ലാസ യാത്ര / പഠന യാത്രാ ബത്ത പരിഗണിച്ചിട്ടില്ല |

സർക്കാർ ഉത്തരവനുസരിച്ച നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക , മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആകെ (20193+414357)= 4,34,550 രൂപയുടെ സ്കോളർഷിപ്പ്, ബത്ത എന്നിവ നഷ്ടപ്പെട്ടിട്ടുണ്ട്.

ഇതിനു പുറമെ ശ്രീ.സൈനുൽ ആബിദ് .എം.പി. s/oസൈതലവി,മാടമ്പാട്ട് പട്ടിക്കര വളപ്പിൽ,കുറ്റിപ്പുറം എന്ന വിദ്യാർത്ഥി (18വയസ്സ്) പുറമണ്ണൂർ വി.കെ.എം.സ്പെഷ്യൽ സ്കൂളിലെ വൊക്കേഷണൽ ക്ലാസിൽ പഠിക്കുന്നുവെന്ന സ്കൂൾ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത വിദ്യാർത്ഥിക്ക് അർഹതയുള്ള13,500 രൂപ അനുവദിക്കുന്നതിനു പകരം ലോവർ പ്രൈമറി ക്ലാസിലെ വിദ്യാർത്ഥികളിൽ ഉൾപ്പെടുത്തി 4,800 രൂപ മാത്രമാണ് നൽകിയിരിക്കുന്നത്.

ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ നിർദ്ദേശിച്ച നിരക്ക് പ്രകാരം തന്നെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നുവെന്ന് ഉറപ്പാക്കുകയും വിവരം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 3-13 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

മുൻ വർഷങ്ങളിൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി ഭാഗികമായി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവര ശേഖരണം വി.ഇ.ഒ.നടത്തുകയുണ്ടായി. ആയതു പ്രകാരം ലഭ്യമായ

വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണ ഭോക്താവിന്റെ പേരും വിലാസവും | ആകെ കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| ഇ.എം.എസ്.ഭവന നിർമ്മാണ പദ്ധതി, വർഷം.2008-09, ആകെ ധന സഹായ തുക. 50,000/- | | | |
| 1 | ശ്രീമതി.ഉമ്മൈമ. കുത്തുകല്ലിങ്ങൽ, പൈങ്കണ്ണൂർ | 25,000 | സ്ഥലം വിറ്റു പോയി |
| 2 | ശ്രീമതി.റുഖിയ.പരുത്തിപ്ര, നടുവട്ടം. | 15,000 | തറ നിർമ്മാണം പൂർത്തിയായി |
| 3 | ശ്രീമതി.കാളി.തൊട്ടിപ്പറമ്പിൽ,കുറ്റിപ്പുറം | 10,000 | ഗുണ ഭോക്താവ് മരണപ്പെട്ടു. |
| 4 | ശ്രീമതി.പ്രേമ. W/oപ്രഭാകരൻ. പുതുപറമ്പിൽ, നടുവട്ടം. | 30,000 | വീട് നിർമ്മാണം പൂർത്തിയാക്കി. |
| 5 | ശ്രീമതി.പാത്തുമോൾ.W/oഅലവി. പൂങ്ങോട്ടിൽ,പൈങ്കണ്ണൂർ. | 10,000 | ഗുണ ഭോക്താവ് മരണപ്പെട്ടു. |
| 6 | ശ്രീ.അബ്ദുൾ റസാഖ്.എരഞ്ഞോളിൽ, രാങ്ങാട്ടൂർ | 10,000 | ഗുണ ഭോക്താവിനെ കണ്ടെത്താൻ സാധിച്ചില്ല. |
| 7 | ശ്രീമതി.ഖദീജ.വിരുത്തുള്ളിയിൽ, കുറ്റിപ്പുറം . | 45,000 | വീട് നിർമ്മാണം പൂർത്തിയാക്കി. |
| 8 | ശ്രീമതി.ശാന്ത.തോട്ടെക്കാട്ടിൽ,നടുവട്ടം. | 20,000 | വീട് നിർമ്മാണം പൂർത്തിയാക്കി. |
| 9 | ശ്രീ.സുബ്രഹ്മണ്യൻ.വടക്കെ കളത്തിൽ, കുറ്റിപ്പുറം. | 20,000 | ഗുണ ഭോക്താവിനെ കണ്ടെത്താൻ സാധിച്ചില്ല. |
| 10 | ശ്രീ.സൈതലവി.കുന്നത്ത്,ചെല്ലൂർ, കുറ്റിപ്പുറം. | 16,000 | ഗുണ ഭോക്താവിനെ കണ്ടെത്താൻ സാധിച്ചില്ല. |
| 11 | ശ്രീമതി.റഹിയാനത്ത്. തളികപ്പറമ്പിൽ, കുറ്റിപ്പുറം. | 40,000 | വീട് നിർമ്മാണം പൂർത്തിയാക്കി. |
| 12 | ശ്രീമതി.പത്മാവതി.കല്ലിങ്ങൽ, പേരശ്ശന്നൂർ. | 25,000 | വീട് നിർമ്മാണം പൂർത്തിയാക്കി. |
| 13 | ശ്രീ.അബ്ദുൾ അഷ്റഫ്.കളപ്പാട്ടിൽ, പൈങ്കണ്ണൂർ. | 45,000 | വീട് നിർമ്മാണം പൂർത്തിയാക്കി. |
| 14 | ശ്രീ.സുബൈർ.തോണിക്കടവത്ത്, കുറ്റിപ്പുറം. | 15,000 | തറ നിർമ്മാണം പൂർത്തിയാക്കി. |
| 15 | ശ്രീമതി.ലക്ഷ്മി. എരവക്കാട്.,നടുവട്ടം. | 25,000 | ലിന്റൽ വരെ പൂർത്തിയാക്കി. |

| | | | |
|---|---|---|---|
| 16 | ശ്രീമതി.സലീന.മേലെകോരാത്ത്., പാണ്ടികശാല. | 20,000 | ഗുണ ഭോക്താവിനെ കണ്ടെത്താൻ സാധിച്ചില്ല. |
| 17 | ശ്രീ.ഹംസ.തോണിക്കടവത്ത്,കുറ്റിപ്പുറം. | 15,000 | വീട് നിർമ്മാണം പൂർത്തിയാക്കി. |
| 18 | ശ്രീമതി.പത്മാവതി.കുളത്ത് നരിക്കുളം, കുറ്റിപ്പുറം. | 30,000 | വീട് നിർമ്മാണം പൂർത്തിയാക്കി. |
| 19 | ശ്രീമതി.ദേവകി.മേയാട്ടുപറമ്പിൽ, ചെല്ലൂർ,കുറ്റിപ്പുറം. | 10,000 | തറ നിർമ്മാണം പൂർത്തിയായി. (വീട് നിർമ്മിക്കുന്നില്ല) |
| 20 | ശ്രീ.സുബ്രഹ്മണ്യൻ.ഇടശ്ശേരിപ്പടി, കുറ്റിപ്പുറം. | 15,000 | ഗുണ ഭോക്താവിനെ കണ്ടെത്താൻ സാധിച്ചില്ല. |
| 21 | ശ്രീ.ശശി.കുളത്തുംപറമ്പിൽ, നടുവട്ടം. | 30,000 | വീട് നിർമ്മാണം പൂർത്തിയാക്കി. |
| വീട് നിർമ്മാണം ., വർഷം.2014-15, ആകെ ധന സഹായ തുക.2,00,000/- | | | |
| 22 | ശ്രീമതി.രുഗ്മിണി.w/oആനന്ദൻ, തെക്കെപുരയ്ക്കൽ,ചെല്ലൂർ. | 1,80,000 | ലിന്റൽ വരെ പൂർത്തിയാക്കി |
| 23 | ശ്രീമതി.ഷാഹിന.d/oഹംസ, കൊല്ലത്ത്പറമ്പിൽ,പകരനെല്ലൂർ. | 1,40,000 | ലിന്റൽ വരെ പൂർത്തിയാക്കി |
| 24 | ശ്രീമതി.കൗസു.w/oസെയ്താലി, പറമ്പിൽ,ചെല്ലൂർ | 60,000 | തറ നിർമ്മാണം പൂർത്തിയാക്കി. (വീട് നിർമ്മിക്കുന്നില്ല) |
| 25 | ശ്രീമതി.റഹ്മത്ത്,w/oഷാജി,മാഞ്ചേരി, കുറ്റിപ്പുറം. | 1,80,000 | മേൽക്കൂര പൂർത്തിയാക്കി. |
| 26 | ശ്രീമതി. പാത്തുമ്മ.w/oമുഹമ്മദ്, കൊട്ടാമ്പാറകമ്പത്ത്,പകരനെല്ലൂർ. | 1,80,000 | മേൽക്കൂര പൂർത്തിയാക്കി. |
| 27 | ശ്രീമതി.ദേവയാനി.w/oകൃഷ്ണൻകുട്ടി, ആശാരിപ്പറമ്പിൽ,കുറ്റിപ്പുറം. | 1,80,000 | മേൽക്കൂര പൂർത്തിയാക്കി. |
| 28 | ശ്രീമതി.ശ്രീജ.d/oവേലപ്പ, കുന്നത്തുവളപ്പിൽ,കുറ്റിപ്പുറം. | 1,80,000 | മേൽക്കൂര പൂർത്തിയാക്കി. |
| 29 | ശ്രീമതി.ജുമൈലത്ത്.w/oഅഷ്റഫ്, കളത്തിൽതൊടി,നടുവട്ടം | 1,80,000 | മേൽക്കൂര പൂർത്തിയാക്കി. |
| 30 | ശ്രീമതി.സക്കീന.d/oമുഹമ്മദ്, നരിമടക്കൽ, നടുവട്ടം. | 1,70,000 | മേൽക്കൂര പൂർത്തിയാക്കി. |
| വീട് നിർമ്മാണം ., വർഷം.2015-16, ആകെ ധന സഹായ തുക.2,00,000/- | | | |
| 31 | ശ്രീമതി.ശാന്ത.ചെറക്കപറമ്പിൽ, നടുവട്ടം | 1,80,000 | ലിന്റൽ വരെ |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കി |
| 32 | ശ്രീമതി.ഹവ്വാഉമ്മ.d/oമമ്മാലി, കളപ്പാടത്തിൽ,പൈങ്കണ്ണൂർ. | 1,80,000 | മേൽക്കൂര പൂർത്തിയാക്കി. |
| 33 | ശ്രീമതി.റഷീദ.w/oഅബ്ദുൾറഷീദ്, തണ്ടാംവളപ്പിൽ ചക്കുവളപ്പിൽ. | 1,80,000 | മേൽക്കൂര പൂർത്തിയാക്കി. |
| 34 | ശ്രീമതി.സരോജിനി.d/oകുട്ടിപങ്ങൻ, തെക്കേതിൽ | 1,80,000 | ലിന്റൽ വരെ പൂർത്തിയാക്കി |
| 35 | ശ്രീമതി. ശാന്ത. d/oകൃഷ്ണൻ, വലിയപറമ്പിൽ, പാണ്ടികശാല. | 1,80,000 | മേൽക്കൂര പൂർത്തിയാക്കി. |
| 36 | ശ്രീമതി.റൈഹാനത്ത് w/oഷൗക്കത്തലി, ചേലക്കര ഹൗസ്, കൊളക്കാട്. | 1,80,000 | മേൽക്കൂര പൂർത്തിയാക്കി. |
| 37 | ശ്രീമതി.റൈഹാനത്ത് w/oഅബ്ദുൾസലാം,നടുപറമ്പിൽ,ചെല്ലൂർ | 1,20,000 | ലിന്റൽ വരെ പൂർത്തിയാക്കി |
| 38 | ശ്രീമതി.ആമിന.w/oകോയ,ചങ്ങമ്പള്ളി മൂടാൽ. | 1,20,000 | മേൽക്കൂര പൂർത്തിയാക്കി. |
| 39 | ശ്രീമതി.കദീജ.d/oകുഞ്ഞിമുഹമ്മദ്, പൊറ്റാത്ത് ഹൗസ്,കുറ്റിപ്പുറം. | 1,80,000 | മേൽക്കൂര പൂർത്തിയാക്കി. |
| 40 | ശ്രീമതി.അസ്മാബി.w/oജമാൽ, ചക്കുവളപ്പിൽ, ചെല്ലൂർ. | 1,20,000 | ലിന്റൽ വരെ പൂർത്തിയാക്കി |
| 41 | ശ്രീമതി.കദീജd/oഅബു, കോട്ടോപ്പാടം ഹൗസ്,ചെല്ലൂർ | 1,80,000 | മേൽക്കൂര പൂർത്തിയാക്കി. |

2008-09 വർഷം ഭാഗികമായി ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ വസ്തു വിൽപന നടത്തിയവരും മരണപ്പെട്ടു പോയവരും ഉൾപ്പെടുന്നു.ചില ഗുണഭോക്താക്കളുടെ നിലവിലെ സ്ഥിതി വിവരം പോലും ലഭ്യമല്ല.ഏതാനും ഗുണഭോക്താക്കൾ ബാക്കി ഗഡുക്കൾ കൈപ്പറ്റാതെ തന്നെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുമുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾ തുടർ ഗഡുക്കൾ ക്ലെയിം ചെയ്യാത്തത് തങ്ങളുടെ സാമ്പത്തിക നിലയിൽ പുരോഗതി കൈവരിച്ചത് കൊണ്ടാകാം. ആയതിനാൽ ശേഷിക്കുന്ന ഗഡുക്കൾ അനുവദിക്കേണ്ടതില്ല.

ധന സഹായം കൈപ്പറ്റി വസ്തു വിൽപ്പന നടത്തിയത് ഗൗരവമായി കാണുന്നു.വിവരം ലഭ്യമല്ലാത്ത ഗുണഭോക്താക്കളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിനും തുക തിരിച്ചു പിടിക്കുന്നതിനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മുകളിൽ നൽകിയ പട്ടികയിൽ ഭവന നിർമ്മാണം പൂർത്തിയാക്കാൻ തയ്യാറല്ലാത്തവരിൽ നിന്നും വസ്തു വിൽപന നടത്തിയവരിൽ നിന്നും നിയമപരമായ പലിശ സഹിതം തുക തിരിച്ചു പിടിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21601135 /23.03.2017 | 32251 | 32251 | 0 |
| കെ.എസ്.ഇ.ബി. | ത്രീ ഫേസ് ലൈൻ സ്ഥാപിക്കൽ | 21600136/ 23.03.2017 | 128791 | 128791 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 55000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 55000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലി. കാർത്തല | 55000 |
| ആകെ | 55000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ AFS പ്രകാരം തൻവർഷം 270രൂപ വരവുണ്ട് വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 44 | 2004-05 | | കളിസ്ഥലം-കൺവീനർക്ക് നൽകിയ അഡ്വാൻസ് | |
| 1998-99 | 48 | 2004-05 | | കുടിവെള്ള പദ്ധതികൾ നിക്ഷേപം | |
| 2011-12<br>2012-13 | 3(3) | 2014-15 | | മണൽ വാരൽ അവലോകനം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 98733309 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 97895721 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 347659 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 262324 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3854262 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 84,000 | -- | ശ്രീ. അന്ത്രു.എം.എം , സെക്രട്ടറി |

| | | | |
|---|---|---|---|
| 2-2 | 252624 | - | ശ്രീ.ഹരി ജി.എസ് , സെക്രട്ടറി |
| 2-3 | 17176 | -- | ശ്രീ. അന്ത്രു.എം.എം , സെക്രട്ടറി |
| 2-4 (1) | 900 | | 1)ശ്രീ.ഹരി ജി.എസ് , അസി.സെക്രട്ടറി-500<br>2)ശ്രീ.ദേവലാൽ,അസി.സെക്രട്ടറി -100<br>3)ശ്രീ.അന്ത്രു.എം.എം.സെക്രട്ടറി-300 |
| 2-5(1) | 500 | | 1)ശ്രീ.ഷാനിർ,സെക്രട്ടറി –400<br>2)ശ്രീ.ഹരി ജി.എസ് ,അസി.സെക്രട്ടറി -100 |
| 2-5(2) | 3550 | | 1)ശ്രീ.സുധാകരൻ,സെക്രട്ടറി –2700<br>2)ശ്രീ.ഹരി ജി.എസ് ,അസി.സെക്രട്ടറി -850 |
| 2-5(3) | 5320 | | 1)ശ്രീ.ഹരി ജി.എസ് ,അസി.സെക്രട്ടറി-4820<br>2)ശ്രീ.ദേവലാൽ,അസി.സെക്രട്ടറി -500 |
| 2-6 | 765 | | ശ്രീ.ഹരി ജി.എസ് ,അസി.സെക്രട്ടറി |
| 3-1 | | 85743 | 1)ശ്രീമതി.ആശ,അസി.എഞ്ചിനിയർ – 12377<br>2)ശ്രീ.മധുസൂദനൻ,അസി.എഞ്ചിനിയർ – 73366 |
| 3-5 | - | 19400 | ശ്രീ.ഷാനിർ,സെക്രട്ടറി. |
| 3-8 | | 720 | ശ്രീ. അന്ത്രു.എം.എം ,സെക്രട്ടറി |
| 3-11 | | 156461 | ശ്രീമതി. കമലാക്ഷി, ഐ.സി.ഡി.എസ് സൂപ്പർവൈസർ – 78230.50<br>ശ്രീമതി. സഫിയ, ഐ.സി.ഡി.എസ് സൂപ്പർവൈസർ – 78230.50 |
| ആകെ | 347659 | 262324 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 109390 | 1) ശ്രീമതി.ആശ,അസി.എഞ്ചിനിയർ-7604<br>2) ശ്രീ.മധുസൂദനൻ,അസി.എഞ്ചിനിയർ-101786 |
| 3-5 | 50,000 | ശ്രീ.ഷാനിർ,സെക്രട്ടറി. |
| 3-7 | 3081472 | ശ്രീ. അന്ത്രു.എം.എം ,സെക്രട്ടറി |
| 3-9 | 113400 | ശ്രീ.ഹരി ജി.എസ് ,അസി.സെക്രട്ടറി |
| 3-10 | 500000 | ഡോ.പ്രസന്നകുമാരി,മെഡിക്കൽ ഓഫീസർ ,ഹോമിയോ |
| ആകെ | 38,54,262 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡികനമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1(1) | 4120 | ശ്രീ. അന്ത്രു.എം.എം ,സെക്രട്ടറി |

| | | |
|---|---|---|
| 2-2 (1) | 36660 | ശ്രീ.ഹരി ജി.എസ് ,അസി.സെക്രട്ടറി |
| 2-3 | 2487 | ശ്രീ. അന്ത്രു.എം.എം ,സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-2&2-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുധാകരൻ,സെക്രട്ടറി | വിരമിച്ചു. | ലക്ഷ്മി ഹൗസ് പി.ഒ, തൃശ്ശൂർ |
| ശ്രീ.ഹരി.ജി.എസ്, അസി.സെക്രട്ടറി | അസി.സെക്രട്ടറി വിളപ്പിൽശാല ഗ്രാമപഞ്ചായത്ത് | ഹരി ഭവൻ തിരുമല തിരുവനന്തപുരം |
| ശ്രീ.ഷാനിർ, സെക്രട്ടറി | സെക്രട്ടറി.തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്. | കുരിക്കാടൻ, എടത്തുനാട്ടുക്കാട് പി.ഒ,പാലക്കാട് പിൻ-678601 |
| ശ്രീ.ദേവലാൽ, അസി.സെക്രട്ടറി | അസി.സെക്രട്ടറി കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്. | ലാൽ സദനം,ഏവൂർ,വടക്ക് ചേപ്പാട് പിഒ,ആലപ്പുഴ |
| ശ്രീ. അന്ത്രു.എം.എം ,സെക്രട്ടറി | സെക്രട്ടറി.പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്. | മണലോടി,പുത്തൻപുര, പുതപ്പാടി,മൂവാറ്റുപുഴ |
| ശ്രീമതി .സഫിയ , ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, കുറ്റിപ്പുറം | പാലാറ, വൈക്കത്തൂർ, വളാഞ്ചേരി പി.ഒ. |
| ശ്രീമതി.കമലാക്ഷി,ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, കുറ്റിപ്പുറം | പടിക്കപറമ്പിൽ, കരേക്കാട് പി.ഒ,കാടാമ്പുഴ 679553 |
| ശ്രീമതി.ആശ,അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ കുറ്റിപ്പുറം | എസ്.എ.കോട്ടേജ്, വെള്ളിമം വെസറ്റ്,കുണ്ടറ,കൊല്ലം |
| ശ്രീ.മധുസൂദനൻ,അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ കുറ്റിപ്പുറം | വൈവിധ്യ,ടി.സി. 33/68 (1),വട്ടിയൂർക്കാവ്.പിഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1968-69 | എൽ.എഫ്.എം 7/1461/94/ 27-9-94 | 1 | |
| 1969-70 | എൽ.എഫ്.എം 7/1462/94/ 27-9-94 | 2 | |
| 1970-71 | എൽ.എഫ്.എം 7/1463/94/ 27-9-94 | 1 | |
| 1971-72 | എൽ.എഫ്.എം 7/1464/94/ 27-9-94 | 3 | |
| 1979-80 | എൽ.എഫ്.എം 7/1465/94/ 27-09-94 | 4 | |
| 1980-81 | എൽ.എഫ്.എം 7/1466/94/ 27-09-94 | 5 | |
| 1981-82 | എൽ.എഫ്.എം 7/1467/94/ 27-09-94 | 12 | |
| 1982-83 | എൽ . എഫ് എം 7/1830/28-09-94 | 11 | |
| 1983-84 | എൽ . എഫ് എം 7/1831/28-09-94 | 9 | |
| 1984-85 | എൽ . എഫ് എം 7/1832/28-09-94 | 14 | |
| 1985-86 | എൽ . എഫ് എം 7/1833/28-09-94 | 12 | |
| 1986-87 | എൽ . എഫ് എം 7/1834/28-09-94 | 29 | |
| 1987-88<br>1988-89 | എൽ . എഫ് എം 7/1835/28-09-94 | 13 | |
| 1989-90<br>1990-91 | എൽ . എഫ് എം 7/1307/94/<br>05-8-2004 | 17 | |
| 1991-92 | എൽ . എഫ് എം 13/93/08-07-1993 | 14 | |
| 1992-93 | എൽ . എഫ് എം 5/722/94 /28-9-94 | 39 | |
| 1993-94 | | | |
| 1994-95 | | | |
| 1995-96 | | | |

| | | | |
|---|---|---|---|
| 1996-97 | എൽ എഫ് എം 11/(13) 708/98/<br>29-03-2000 | 18 | |
| 1999-00 | എൽ എഫ് എം 12/1477/03/15-5-04 | 33 | |
| 2000-01 | എൽ എഫ് എം 12/1478/03/15-5-04 | 33 | |
| 2001-02 | എൽ എഫ് എം 12/1479/03/17-5-04 | 10 | |
| 2002-03<br>ചെലവ് | എൽ . എഫ് എം 9/1319/06 | 24 | |
| 2002-03<br>വരവ് | എൽ . എഫ് എം 7/ | | |
| 2003-04<br>ചെലവ് | എൽ . എഫ് എം 7/ | 9 | |
| 2004-05<br>ചെലവ് | എൽ . എഫ് എം 7/ | 22 | |
| 2004-05 | എൽ . എഫ് എം 7/ | 23 | |
| 2005-06 | എൽ . എഫ് എം 7/ | 7 | |
| 2006-07 | എൽ . എഫ് എം 7/ | 10 | |
| 2007-08 | എൽ . എഫ് എം 7/13/1224<br>/2012/2012/16-7-12 | 22 | |
| 2008-09 | എൽ . എഫ് എം 13/1225<br>/2012/24-7-12 | 27 | |
| 2009-10 | എൽ.എഫ്.എം.13/1226<br>/12/19-7-12 | 7 | |
| 2010-11 | എൽ.എഫ്.എം13/1767<br>/2013/24-03-14 | 17 | |
| 2011-12<br>2012-13 | എൽ . എഫ് എം 13/2042/2014<br>16-12-2014 | 25 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.13/1404<br>/16/12.7.16 | 33 | |
| 2015-16 | കെ.എസ്.എ.എം.പി.എം.13/3276<br>/16/14.2.17 | 25 | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം 13/2002/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി.02.11.2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

## അനുബന്ധം-2

# AUDIT CERTIFICATE

No.KSA/MPM 13/2002/2017

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 02.11.2017

Certified that I have audited the Annual Financial Statement of Kuttippuram Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Kuttippuram Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram